## 12.11.2018 ന് ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിന്റെ തീരുമാനങ്ങൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 3.00 മണിയ്ക്ക് യോഗം ആരംഭിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം **അനുബന്ധമായി** ചേർക്കുന്നു.

ബഹു. മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്ത എല്ലാവരേയും സ്വാഗതം ചെയ്തു സംസാരിച്ചു. തുടർന്ന് അജണ്ട ഐറ്റംസ് അവതരിപ്പിക്കുവാൻ ചീഫ് വൈൽഡ്‌ലൈഫ് വാർഡന് നിർദ്ദേശം നൽകി.

**അജണ്ട ഐറ്റം നം. 1**

### 16.08.2017 ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കൽ

16.08.2017 ലെ കേരള സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അംഗങ്ങൾക്ക് അയച്ചു കൊടുത്തതായും ഭേദഗതി നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല എന്നും ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ബോർഡിനെ അറിയിച്ചു. തുടർന്ന് 16.08.2017 ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ മിനിറ്റ്സ് യോഗം ഏകകണ്ഠേന അംഗീകരിച്ചു.

**അജണ്ട ഐറ്റം നം. 2**

### കേരള സംസ്ഥാന വന്യജീവി ബോർഡിന്റെ 16.08.2017 ലെ യോഗ തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട്

16.08.2017 ലെ കേരള സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ അവതരിപ്പിച്ചു.

മനുഷ്യ-വന്യജീവി സംഘർഷത്തെ കുറിച്ച് പഠിച്ച് പ്രശ്ന പരിഹാരത്തിനായി സമഗ്ര റിപ്പോർട്ട് സമർപ്പിക്കുവാൻ ഡെറാഡൂണിലെ വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയോട് അഭ്യർത്ഥിക്കുകയും, ആയത് അനുസരിച്ച് ഇതു സംബന്ധമായ പഠനം അവർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തൃശൂർ ജില്ലയിൽ ചേറ്റുവാ പക്ഷി സങ്കേതമായി പ്രഖ്യാപിക്കുന്നതിന് നിർദ്ദേശിച്ച 3.3853 ഹെക്ടർ പ്രദേശം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യുകയും, അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണെന്നും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചാൽ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 26 (എ) പ്രകാരം ചേറ്റുവ റിസർവ്വ് വനം, പക്ഷി സങ്കേതമായി മറ്റു നടപടി ക്രമങ്ങൾ ഇല്ലാതെ പ്രഖ്യാപിക്കാവുന്നതാണെന്നും ചീഫ് വൈൽഡ്ലൈഫ് വാർഡൻ യോഗത്തെ അറിയിച്ചു.

28.02.2018 ലെ സർക്കാർ ഉത്തരവ് ജി. ഒ (ആർ.റ്റി) നം. 95/2018/വനം പ്രകാരം സൂ അഡ്വൈസറി കമ്മറ്റി രൂപീകരിക്കുകയും, ആദ്യ യോഗം ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ 25.09.2018 ൽ തിരുവനന്തപുരം മൃഗശാലയിൽ വച്ച് കൂടിയിട്ടുണ്ട്.

16.08.2017 ൽ സംസ്ഥാന വന്യജീവി ബോർഡ് വൈൽഡ്ലൈഫ് ക്ലിയറൻസിനായി ശുപാർശ ചെയ്ത വിവിധ പദ്ധതികൾ ദേശീയ വന്യജീവി ബോർഡ് അംഗീകരിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന്റെ പക്കലുള്ള നാട്ടാനകളോട് ക്രൂരമായി പാപ്പാൻമാർ പെരുമാറുന്നു എന്ന വിഷയം പരിശോധിക്കുവാൻ കഴിഞ്ഞ ബോർഡ് തീരുമാനിച്ചതനുസരിച്ച് യോഗത്തിൽ പരാമർശ വിഷയമായ പാറശ്ശാല ശിവശങ്കരൻ, നെയ്യാറ്റിൻകര കണ്ണൻ, ശാർക്കര ആഞ്ജനേയൻ, തിരുനക്കര ശിവൻ, തളിപ്പറമ്പ് ഗണപതി എന്നീ ആനകളെ വനം വകുപ്പുദ്യോഗസ്ഥരും വെറ്റിറിനറി ഡോക്ടർമാരും അടങ്ങുന്ന സംഘം പരിശോധിക്കുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നെയ്യാറ്റിൻകര

കണ്ണൻ വിവിധ രോഗങ്ങളാൽ ചരിഞ്ഞിട്ടുള്ളതും മറ്റാനകൾക്ക് ഇപ്പോൾ കാര്യമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നാട്ടാനകളുടെ പീഠനം തടയുന്നതിനായി തിരഞ്ഞെടുത്ത ആനകളെ രണ്ടാഴ്ച്ചയിലൊരിക്കൽ തുടർച്ചയായി നിരീക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടെന്ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ബോർഡിനെ അറിയിച്ചു.

മൂന്നാർ ടാറ്റാ എസ്റ്റേറ്റിൽ ആന കൊല്ലപ്പെട്ടത് സംബന്ധിച്ച കേസ്സിൽ അന്വേഷണം പൂർത്തീകരിച്ച് ബഹു. കോടതിയിൽ ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തച്ചങ്കരി എസ്റ്റേറ്റിൽ ആന വൈദ്യുതാഘാതമേറ്റ് ചരിഞ്ഞ സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നുണ്ടെന്നും ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ യോഗത്തെ അറിയിച്ചു. ഇത്തരത്തിലുള്ള പ്രൈവറ്റ് എസ്റ്റേറ്റുകളിൽ നിർമ്മിക്കുന്ന വൈദ്യുത വേലികളിൽനിന്നും കാട്ടാനകൾക്ക് വൈദ്യുതാഘാത മേൽക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ബോർഡംഗങ്ങൾ അദ്ധ്യക്ഷന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇത്തരം കേസ്സുകളിൽ വനം വകുപ്പ് ജാഗ്രത പുലർത്തണ മെന്നും, സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ബോർഡംഗം ശ്രീമതി. സുഗത കുമാരി റ്റീച്ചർ അഭിപ്രായപ്പെട്ടു.

നിലമ്പൂർ ഡിവിഷനിലെ ന്യൂ അമരമ്പലം റിസർവ്വ് വനം, കരിംപുഴ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനായുള്ള ശുപാർശ സർക്കാരി ലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ യോഗത്തെ അറിയിച്ചു.

കഴിഞ്ഞ ബോർഡ് യോഗ തീരുമാന പ്രകാരം സംസ്ഥാന ചിത്രശലഭത്തിനെ പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഈ യോഗ ത്തിൽ പ്രത്യേക അജണ്ട ഐറ്റമായി അവതരിപ്പിക്കുന്നതാണെന്ന് അറിയിച്ചു.

മാട്ടുപ്പെട്ടി ഹൈഡൽ ടൂറിസം മേഖലയിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോർഡിന്റെ ആശങ്കകൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തു.

**അജണ്ട ഐറ്റം നം. 3**

## നാട്ടാന പരിപാലന ചട്ടങ്ങൾ 2012-ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

നിലവിൽ കേരളത്തിലുള്ള 515 ഓളം നാട്ടാനകളെ സംരക്ഷിക്കുന്നതും പരിപാലിക്കുന്നതും 2012 ലെ നാട്ടാന പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്. എന്നാൽ 2018 ജനുവരി മുതൽ നാളിതുവരെ കേരളത്തിൽ 30 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. കൂടാതെ ഉത്സവ സമയങ്ങളിൽ ആനകൾ ഇടയുന്നതും, മനുഷ്യരെ കൊല്ലുന്നതും, നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതുമായ അനിഷ്ട സംഭവങ്ങൾ കൂടിവരുന്നുണ്ട്. ഉൽസവ കാലങ്ങളിൽ നാട്ടാനകളെ വിശ്രമമില്ലാതെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നതും, അമിതമായ ജോലിഭാരം നൽകുന്നതും, മികച്ച പരിപാലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കാത്തതുമാണ് നാട്ടാനകൾ പ്രശ്നമുണ്ടാക്കുവാനുള്ള പ്രധാന കാരണങ്ങൾ എന്നും, നിലവിലെ നാട്ടാന പരിപാലന ചട്ടങ്ങളിൽ നിരവധി പോരായ്മകൾ ഉണ്ടെന്നും ബോർഡ് വിലയിരുത്തി.

ഇത്തരത്തിലുള്ള പോരായ്മകൾ പരിഹരിക്കുവാൻ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പുതുക്കിയ കരട് ചട്ടങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും, നാട്ടാനകളുടെ മികച്ച പരിപാലനവും സുരക്ഷയും ഉറപ്പാക്കുന്നതിനും, അവയ്ക്ക് നേരെയുള്ള പീഢനങ്ങൾ തടയുന്നതിനും, ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള ശിക്ഷയും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ യോഗത്തെ അറിയിച്ചു. പ്രസ്തുത വിഷയം ബോർഡ് വിശദമായി ചർച്ച ചെയ്തു.

പെരുമയ്ക്കും ആചാരങ്ങൾക്കും വേണ്ടി ഉൽസവങ്ങളിലും ആഘോഷങ്ങൾക്കും വർഷം തോറും ആനകളുടെ എണ്ണം കൂട്ടിക്കൊണ്ടു വരുന്നത് നിരുൽസാഹപ്പെടുത്തേണ്ടതാണെന്നും, ഹിന്ദു ആചരങ്ങൾക്ക് മാത്രമല്ല, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിലെ ആഘോഷങ്ങൾക്കും ആനകളെ ഉൾപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചു വരുന്നു എന്ന് ശ്രീമതി. സുഗത കുമാരി റ്റീച്ചർ അഭിപ്രായപ്പെട്ടു. ആനകളെ പീഢിപ്പിക്കുന്നവർക്ക് കഠിന ശിക്ഷ നൽകണമെന്നും പുതുതായി രൂപപ്പെട്ടു വരുന്ന ആഘോഷങ്ങളിൽ ആനകളെ പങ്കെടുപ്പിക്കുന്നത് നിരുൽസാഹപ്പെടുത്തണമെന്നും യോഗത്തിൽ ബോർഡംഗം പ്രൊഫ.ശോഭീന്ദ്രൻ ആവശ്യപ്പെട്ടു.

***വിശദമായ ചർച്ചകൾക്ക് ശേഷം 2012 ലെ നാട്ടാനപരിപാലന ചട്ടങ്ങളിൽ, ബോർഡിന് മുൻപാകെ അവതരിപ്പിച്ച ഭേദഗതികൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.***

**അജണ്ട ഐറ്റം നം. 4**

**അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് നാട്ടാനകളെ കടത്തുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച്**

മറ്റു സംസ്ഥാനങ്ങളിൽനിന്നും നാട്ടാനകളെ കേരളത്തിലേയ്ക്ക് കടത്തി കൊണ്ടു വരുന്നതിന് നിരവധി അപേക്ഷകൾ വനം വകുപ്പിന് ലഭിക്കുന്നുണ്ടെന്നും, വന്യജീവി (സംരക്ഷണ) നിയമം, 1972 Section 43 (1) പ്രകാരം ആരുടെയും കൈവശമുള്ള വന്യജീവികളെയോ, വന്യജീവികളുടെ കൊമ്പ് തുടങ്ങിയ ഭാഗങ്ങളോ, വാങ്ങുവാനോ, വിൽക്കുവാനോ, വ്യാപാരം നടത്തുവാനോ, ക്രയ-വിക്രയം നടത്തുവാനോ, അനുമതിയില്ലാതെ കൈമാറ്റം ചെയ്യുവാനോ പാടില്ല. എങ്കിലും സെക്ഷൻ 43 (2) നെ മറയാക്കി, താമസ സ്ഥലം മാറി എന്ന വ്യാജേന നാട്ടാനകളെ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കടത്തി കൊണ്ടു വരാൻ നിരവധി

BDC

ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തു.

നാട്ടാനകളുടെ നിയമ വിരുദ്ധമായ വ്യാപാരം തടയുന്നതിനും, കേരളത്തിലെ അതിർത്തി സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവ ഒഴികെയുള്ള മറ്റു സംസ്ഥാനങ്ങളിൽനിന്നും നാട്ടാനകളെ കടത്തിക്കൊണ്ടു വരുന്നതും, കേരളത്തിൽനിന്ന് ഈ സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടു പോകുന്നതും നിരോധിക്കേണ്ടതാണ്. ബോർഡ് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തു. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കുന്നത് ദുരുപയോഗം ചെയ്യുവാൻ സാദ്ധ്യത ഉണ്ടെന്നും ബോർഡ് അംഗങ്ങൾ വിലയിരുത്തി. ഒരു സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് ആനകളെ കൊണ്ടു വരേണ്ടതില്ലെന്നും, ആയത് നിരോധിക്കണമെന്നും ബോർഡ് അംഗങ്ങൾ ശക്തമായി ആവശ്യപ്പെട്ടു. കേരളത്തിൽനിന്നും നാട്ടാനകളെ ഉൽസവാവശ്യങ്ങൾക്കും മറ്റുമായി തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലേയ്ക്ക് അനുമതിയോടെ താത്ക്കാലികമായി കൊണ്ടുപോകുകയും തിരിച്ചു കൊണ്ടുവരികയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും നാട്ടാനകളെ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും നിയന്ത്രണങ്ങൾ ആവശ്യമാണെന്നും, എന്നാൽ മേൽ വസ്തുത കണക്കിലെടുത്ത് നിയന്ത്രണങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ് പ്രായോഗികമെന്നും ബഹു. വനം വകുപ്പ് മന്ത്രി യോഗത്തിൽ അഭിപ്രായപ്പെട്ടു.

***പ്രസ്തുത വിഷയത്തിൻമേൽ ആവശ്യമായ ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ ബോർഡ് ചുമതലപ്പെടുത്തി.***

അജണ്ട ഐറ്റം നം. 5

**മനുഷ്യ വന്യജീവി സംഘർഷം നേരിടുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച്**

കഴിഞ്ഞ കുറച്ചു കാലമായി കേരളം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം മനുഷ്യ-വന്യജീവി സംഘർഷം ആണെന്നും വനങ്ങളുമായി അതിർത്തി പങ്കിടുന്ന ഗ്രാമ പ്രദേശങ്ങളിലാണ് ഇത് രൂക്ഷമായി അനുഭവപ്പെടുന്നതെന്നും ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തു. ഇത്തരത്തിലുള്ള ആക്രമണം മൂലം കർഷകർക്ക് വ്യാപക കൃഷിനാശവും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നുണ്ട്. വന്യജീവി ആക്രമണം കാരണം നിരവധി ആൾക്കാർക്ക് ജീവ ഹാനിയും, പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. അടുത്തിടെ പാലക്കാട് ജില്ല യിൽ കാട്ടാനകൾ വനമേഖലയിൽനിന്നും ഉദ്ദേശം 25 കിലോമീറ്ററോളം നടന്ന് ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ദിവസങ്ങളോളം പരിഭ്രാന്തി സൃഷ്ടിച്ചതായും, ഇത്തരത്തിലുള്ള പ്രതിസന്ധി ഘട്ടങ്ങൾ തരണം ചെയ്യുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ വനം വകുപ്പിന് ആവശ്യമാണെന്നും അറിയിച്ചു. ഇത്തരത്തി ലുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ഒരു ഇടക്കാല പരിഹാരം എന്ന നിലയിൽ കേരളത്തിലെ ആന ക്യാമ്പുകളിൽനിന്നും തിരഞ്ഞെടുത്ത മൂന്ന് ആന കളെയും അവയുടെ പാപ്പാൻമാരെയും തമിഴ്നാട്ടിലുള്ള മുതുമല തെപ്പെക്കാട് ആന പരിപാലന കേന്ദ്രത്തിലേയ്ക്ക് അയച്ച് കുങ്കി പരിശീലനം നൽകി ഇവയെ മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നമേഖലകളിൽ വിന്യസിച്ചിട്ടുണ്ട്.

രൂക്ഷമായ വന്യജീവി ആക്രമണം തടയുന്നതിന് ബോർഡ് മുൻപാകെ ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു.

**(എ). സ്ഥിരമായി നാട്ടിലിറങ്ങുന്ന ആക്രമണ സ്വഭാവമുള്ള കാട്ടാനകളെ പിടികൂടി കുങ്കി പരിശീലനം നൽകുന്ന പദ്ധതി**

വയനാട്, അട്ടപ്പാടി, പാലക്കാട്, മൂന്നാർ തുടങ്ങിയ പ്രശ്നബാധിത മേഖലകളിൽ പരിശീലനം സിദ്ധിച്ച കുങ്കി ആനകളെ ഉപയോഗിച്ച് പട്രോളിംഗ്

WL1

നടത്തുന്നതുവഴി കാട്ടാനകൾ വനാതിർത്തി കടന്ന് ജനവാസ മേഖലകളിലേയ്ക്ക് കയറുന്നത് ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കും. വനം വകുപ്പിലെ ആന ക്യമ്പിൽനിന്നും തിരഞ്ഞെടുത്ത മറ്റ് ആനകൾക്കും ഇത്തരത്തിൽ പരിശീലനം നൽകി കുങ്കി ആനകളായി ഉപയോഗിക്കാവുന്നതാണ്.

തുടർച്ചയായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി ജീവന് ഭീഷണി ഉയർത്തുന്നതും, അക്രമാസക്തരുമായ ആനകളെ മയക്കുവെടി വച്ച് പിടികൂടി ആവശ്യമായ പരിശീലനം നൽകി കാട്ടിനുള്ളിൽ ആന ക്യാമ്പുകൾ നിർമ്മിച്ച് അർദ്ധ വന്യമായ അവസ്ഥയിൽ പരിപാലിക്കാവുന്നതാണ്.

**(ബി). ദ്രുത കർമ്മ സേനകളുടെ ശാക്തീകരണം**

കേരള വനം വകുപ്പ്, മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിന് കണ്ണൂർ, കോഴിക്കോട്, നിലമ്പൂർ, പാലക്കാട്, മണ്ണാർക്കാട്, റാന്നി, പേപ്പാറ, വയനാട് എന്നീ സ്ഥലങ്ങളിൽ 8 ദ്രുത കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ദ്രുത കർമ്മ സേനകളിൽ ആവശ്യമായ സ്റ്റാഫുകളോ, മറ്റു സൗകര്യങ്ങളോ ഇല്ല. വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ ആവശ്യാനുസരണം, അതാത് മേഖലകളിലെ ജീവനക്കാരെ പുനർ വിന്യസിച്ച് താത്ക്കാലിക ആർ.ആർ.റ്റികൾ രൂപീകരിക്കാറുണ്ട്.

പ്രശ്നബാധിത സ്ഥലങ്ങളിൽ അടിയന്തര സാഹചര്യങ്ങളിൽ നേരിടുവാൻ പുതിയ ആർ.ആർ.റ്റി - കൾ രൂപീകരിക്കേണ്ടതും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും അനിവാര്യമാണ്. വനം വകുപ്പുദ്യോഗസ്ഥർക്ക് വന്യജീവി ആക്രമണം പ്രതിരോധിക്കാൻ ആവശ്യമായ വാഹനങ്ങളും നൂതന സാങ്കേതിക സജ്ജീകരണങ്ങളും അനുവദിക്കേണ്ടതാണെന്ന് ബോർഡംഗങ്ങൾ അഭിപ്രായപ്പെട്ടു. വനമേഖലയോട് ചേർന്നുള്ള അനധികൃത ക്വാറികൾ, വനം കയ്യേറ്റം, സ്വാഭാവിക വനങ്ങളുടെ ശോഷണം എന്നിവയാണ് വന്യജീവി ആക്രമണങ്ങൾ രൂക്ഷമാകാനുള്ള പ്രധാന കാരണങ്ങൾ എന്ന് ബോർഡ് നിരീക്ഷിച്ചു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ടതാണെന്നും, നിലവിലെ എട്ട് ദ്രുതകർമ്മ സേനകളും നവീകരിക്കേണ്ടതും, വന്യജീവി ആക്രമണം സ്ഥിരമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ പുതിയ ആർ.

ആർ.റ്റികൾ രൂപീകരിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.

*കേരളത്തിൽ വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് വേണ്ടി ക്യാംപിലെ ആനകൾക്ക് കുങ്കി പരിശീലനം നൽകുന്നതും,പിടികൂടുന്ന കാട്ടാനകളെ അർദ്ധ വന്യ ആവാസ വ്യവസ്ഥയിൽ ജംഗിൾ ക്യാംപുകളിൽ പാർപ്പിക്കുന്നതിനും, നിലവിലെ ആർ.ആർ.റ്റികൾ ശക്തിപ്പെടുത്തുന്നതും, പുതിയ ആർ.ആർ.റ്റി-കൾ രൂപീകരിക്കുന്നതും സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.*

**അജണ്ട നം. 6**

**തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതും, അവയുടെ ശാസ്ത്രീയമായ പരിപാലനവും - സംബന്ധിച്ച്**

വനത്തിൽനിന്ന് നാട്ടിൽ എത്തി കൃഷിനാശം വരുത്തുന്ന വന്യജീവികളിൽ കാട്ടുപന്നികൾ വലിയ പങ്കാണ് വഹിക്കുന്നത്. ഇതു കാരണം വനാതിർത്തിയിൽ താമസിക്കുന്ന കൃഷിക്കാർക്ക് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ കാട്ടുപന്നി ആക്രമണത്തിൽ മനുഷ്യർക്ക് ജീവഹാനിയും പരിക്കും സംഭവിക്കുന്നുണ്ട്.

WLH

വന്യജീവി സംരക്ഷണ നിയമം 1972 പ്രകാരം കാട്ടുപന്നിയെ Schedule III ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നിയമത്തിലെ Section 62 പ്രകാരം കേന്ദ്ര സർക്കാരിന് Schedule I ലോ Part II Schedule II ലോ ഉൾപ്പെടാത്ത ഏതു വന്യജീവിയെയും, ഒരു നിശ്ചിത കാലത്തേയ്ക്ക് ഒരു നിശ്ചിത പ്രദേശത്ത് വെർമിൻ ആയി പ്രഖ്യാപിക്കാൻ അധികാരം ഉണ്ട്. ഇത്തരത്തിൽ വെർമിൻ ആയി പ്രഖ്യാപിച്ചാൽ ഇവയെ Schedule V ൽ ഉൾപ്പെടുത്തി ആവശ്യമായ അംഗസംഖ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കും.

ബീഹാർ, ഹിമാചൽ പ്രദേശ്, ഉത്തരഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ വന്യ (സംരക്ഷണ) നിയമത്തിലെ ഈ വ്യവസ്ഥ പ്രകാരം, നീൽഗായ് (നീലക്കാള), റ കുരങ്ങ്, കാട്ടുപന്നി എന്നിവയെ വനത്തിന് പുറത്തുള്ള ചില പ്രദേശങ്ങ നിശ്ചിത കാലയളവിലേയ്ക്ക് വെർമിൻ ആയി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വൈൽഡ്ലൈഫ് വാർഡൻ റിപ്പോർട്ട് ചെയ്തു.

കൂടാതെ വന്യജീവി (സംരക്ഷണ) നിയമം, 1972, Section 11 (1 പ്രകാരം മനുഷ്യ ജീവനോ, കൃഷിക്കോ മറ്റു വസ്തുക്കൾക്കോ നാശനഷ്ടമ ക്കുന്ന Schedule I ൽ ഉൾപ്പെടാത്ത ഏതൊരു വന്യജീവിയേയും വെട് കൊല്ലാൻ ചീഫ് വൈൽഡ്ലൈഫ് വാർഡന് ഉത്തരവ് നൽകാവുന്നതാണ്.

ബോർഡ് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്തു. കാട്ടു യുടെ ആക്രമണംമൂലം സംസ്ഥാനമൊട്ടാകെ വ്യാപകമായ കൃഷിന സംഭവിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് ബഹു. മുഖ്യ നിരീക്ഷിച്ചു. നഗര പ്രദേശങ്ങളിൽപ്പോലും കാട്ടുപന്നികളുടെ ആക്ര വ്യാപകമാണെന്നും ആയതിന് പരിഹാരം കാണേണ്ടതാണെന്ന് ബഹു. പ എം.എൽ.എ യോഗത്തിൽ അറിയിച്ചു. കാട്ടുപന്നിയെ ഒരു പ്രദേശത്ത് വെ ആയി പ്രഖ്യാപിച്ചാൽ വേട്ടയാടൽ രൂക്ഷമാകുമെന്നും കാട്ടുപന്നിയുടെ ഇ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകുമെ വിശദമായ ശാസ്ത്രീയ പഠനങ്ങൾക്ക് ശേഷം മാത്രമെ ഇത്തരത്തിലുള്ള പ്രൊപ്പോസൽ സമർപ്പിക്കാവൂ എന്നും യോഗത്തിൽ ബോർഡംഗങ്ങൾ അ യപ്പെട്ടു.

***കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി (സം ണ) നിയമ പ്രകാരം ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്ത അധികാരം ഉപയോഗപ്പെടുത്താമെന്ന് ബോർഡ് നിർദ്ദേശിച്ചു. കൂട കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിശദ ശാസ്ത്രീയ പഠനം നടത്തുവാൻ തീരുമാനിച്ചു.***

479

WL4

**അജണ്ട നം. 7**

**സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ ബഫർ സോൺ ആയ ഭവാനി റെയ്ഞ്ച്, ഭവാനി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച്**

*വിശദമായ ചർച്ചകൾക്കായി പ്രസ്തുത അജണ്ട അടുത്ത യോഗത്തി ലേയ്ക്ക് മാറ്റി വച്ചു.*

**അജണ്ട നം. 8**

## നെയ്യാർ വന്യജീവി സങ്കേതത്തിൽ കുമ്പിച്ചൽ കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച്

WL4

കേരള പൊതുമരാമത്ത് വകുപ്പ്, നെയ്യാർ വന്യജീവി സങ്കേതത്തിൽ കുമ്പിച്ചൽകടവ് ഭാഗത്ത് ഒരു പുതിയ പാലം പണിയുന്നതിലേയ്ക്കായി Wildlife Clearance - നായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം 253.4 മീറ്റർ നീളത്തിൽ 7.50 മീറ്റർ വീതിയിൽ, 1.5 മീറ്റർ നടപാതയുള്ള പാലമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പാലത്തിന്റെ മൊത്തം വീതി 11 മീറ്റർ വരും. 253.4 മീറ്റർ നീളത്തിൽ, 182 മീറ്റർ നെയ്യാർ റിസർവ്വോയറിലൂടെയാണ് പാലം കടന്ന് പോകുന്നത്. പുരുവിമലയിലെ പാലത്തിലേയ്ക്ക് എത്തുന്നതിനുള്ള 100 മീറ്റർ വഴിയും നെയ്യാർ വന്യജീവി സങ്കേതത്തിലാണ് വരുന്നത്. 0.39 ഹെക്ടർ വന പ്രദേശം ഈ പദ്ധതിയ്ക്കായി ഉപയോഗിക്കേണ്ടി വരും.

***പുരുവിമലയിലെ 11 ട്രൈബൽ സെറ്റിൽമെന്റുകളിലെ 450 കുടുംബങ്ങൾക്ക്, ഈ പദ്ധതി പ്രയോജനം ചെയ്യുമെന്നതിനാലും വനത്തിന് ദോഷകരമായ മറ്റ് വശങ്ങൾ ഇല്ലായെന്നും പദ്ധതിയ്ക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണത്തിലുള്ള വനഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളതിനാലും നെയ്യാർ വന്യജീവി സങ്കേതത്തിൽ കുമ്പിച്ചൽ കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയ വന്യജീവി ബോർഡിലേയ്ക്ക് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.***

**അജണ്ട നം. 9**

## കൊച്ചി Water – Metro Project – 41 ജട്ടിയും രണ്ട് ബോട്ട് യാർഡു കളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ - സംബന്ധിച്ച്

Kochi Metro Rail Ltd. - 41 ബോട്ട് ജട്ടികളും രണ്ട് ബോർട്ട് യാർഡുകളും നിർമ്മിക്കുന്നതിന് Wildlife Clearance നായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും വേമ്പനാട് കായൽ തീരവും, മറ്റു സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പ്രദേശങ്ങളും റവന്യു വക സ്ഥലവുമാണ് ഉൾപ്പെടുന്നത്. ഇതിൽ റിസർവ്വ് വനങ്ങളോ, അടുത്തുള്ള മംഗളവനം പക്ഷി സങ്കേത്തിന്റെ സ്ഥലങ്ങളോ ഉൾപ്പെടുന്നില്ല. മംഗളവനം പക്ഷി സങ്കേതത്തിൽനിന്നും 0.3 കി.മീറ്റർ അകലെ യാണ് നിർദ്ദിഷ്ട പദ്ധതിയുടെ ഏറ്റവും അടുത്തു വരുന്ന പ്രദേശം. കൊച്ചി യിലെ ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും, റോഡ് ഗതാഗതം കുറയ്ക്കുന്ന തിനും കൂടുതൽ ആൾക്കാരെ ജല ഗതാഗത സംവിധാനം ഉപയോഗപ്പെടുത്തി അന്തരീക്ഷ മലിനീകരണം ലഘൂകരിക്കുന്നതുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

മദ്ധ്യമേഖല സാമൂഹ്യ വന വത്ക്കരണം ഫോറസ്റ്റ് കൺസർവേറ്റർ 29.06.2018 ൽ മേൽ പദ്ധതി പ്രദേശം പരിശോധിക്കുകയും, ടി പദ്ധതിയ്ക്കായി വനഭൂമി ആവശ്യമില്ലെന്നും, അടുത്തുള്ള മംഗളവനം പക്ഷി സങ്കേതത്തിന് നേരിട്ടുള്ള ആഘാതം ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതിയ്ക്കായി ശുപാർശ ചെയ്യാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ നിലവിലെ സസ്യജാലങ്ങൾ പരമാവധി നിലനിർത്തണമെന്നും, വനം വകുപ്പിന്റെ മേൽ നോട്ടത്തിൽ, ഏറ്റവും കുറഞ്ഞ തോതിൽ മാത്രമെ മരം മുറിക്കാവൂ എന്നും നിബന്ധന വയ്ക്കാവുന്നതാണ്.
2. മുറിക്കപ്പെടുന്ന കണ്ടൽ ചെടികളുടെ പത്ത് ഇരട്ടി കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കേണ്ടതാണ്.

481

*വിശദമായ ചർച്ചകൾക്ക് ശേഷം പ്രസ്തുത പദ്ധതി സംരക്ഷിത വന മേഖലയിൽ അല്ലാത്തതിനാലും നിർദ്ദിഷ്ട മംഗളവനം പക്ഷി സങ്കേതത്തിലെ എക്കോസെൻസിറ്റീവ് സോണിന് പുറത്തായതിനാലും മേൽ നിബന്ധനകൾക്കനുസൃതമായി ദേശീയ വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.*

**അജണ്ട നം. 10**

## തിരുവനന്തപുരം ജില്ലയിൽ കോട്ടൂരിനടുത്ത് കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്

ആനപുനരധിവാസകേന്ദ്ര പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ മെമ്പർ സെക്രട്ടറി ബോർഡിൽ അവതരിപ്പിച്ചു. അഗസ്ത്യവന ബയോളജിക്കൽ പാർക്ക് റെയിഞ്ചിൽ ഉൾപ്പെടുന്ന 176 ഹെക്ടർ വനഭൂമിയിലാണ് പുനരധിവാസ കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ആനകളെ ഒറ്റക്കു പാർപ്പിക്കുവാനുള്ള 13 കൂടുകൾ, ആനകളെ കൂട്ടമായി പാർപ്പിക്കുവാനുള്ള 9 കൂടുകൾ, ആനക്കുട്ടികളെയും, മസ്തിലുള്ള ആനകളെയും പരിപാലിക്കുവാൻ ഓരോ കൂട് വീതം സ്പെഷ്യാലിറ്റി വെറ്റിനറി ക്ലിനിക്, ആനകൾക്ക് ഭക്ഷണം പാകം ചെയ്യുവാനുള്ള ആധുനിക അടുക്കള, വലിയ രണ്ടു മഴവെള്ള സംഭരണികൾ, 80 ആനപാപ്പാൻമാർ, 8 സ്റ്റാഫുകൾ, 4 ആഫീസർമാർ എന്നിവർക്കുള്ള ക്വാർട്ടേഴ്സുകൾ, അഡ്മിനിസ്ട്രേറ്റീവ് ആഫീസ്, പരിശീലന ഗവേഷണ കേന്ദ്രവും ഹോസ്റ്റലുകളും, ആനമ്യൂസിയം എന്നീ സൗകര്യങ്ങൾ പുനരധിവാസ കേന്ദ്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ച 105 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് അവരുടെ പരിശോധനയിലാണ്. പുനരധിവാസ കേന്ദ്രത്തിന്റെ അംഗീകാരത്തിനുള്ള അപേക്ഷ, ലേഔട്ട് പ്ലാൻ, വിശദമായ പദ്ധതിരേഖ എന്നിവ കേന്ദ്ര മൃഗശാല അതോറിറ്റിക്ക് 06.06.2018-ൽ സമർപ്പിച്ചിരുന്നു. പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ള പ്രദേശം റിസർവ്വ് വനവും, ഒരു ഭാഗം വന്യജീവി സങ്കേതവും ഉൾപ്പെട്ടതാകാനിടയുള്ളതിനാൽ ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരം ആവശ്യമാണെന്നു കേന്ദ്ര മൃഗശാല അതോറിറ്റി 30.10.2018-ലെ കത്തുവഴി

Spl. officer (CERC + PZP)

അറിയിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ സംസ്ഥാന സർക്കാരിനോട് പദ്ധതി പ്രദേശം സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിലാണ് പദ്ധതിയുടെ വിശദാംശങ്ങൾ അംഗീകരിച്ച് ദേശീയ ബോർഡിലേക്ക് ശുപാർശ സമർപ്പിക്കുവാനായി സംസ്ഥാന ബോർഡിൽ അവതരിപ്പിക്കുന്നതെന്നും വിശദീകരിച്ചു.

നിർദ്ദിഷ്ട പദ്ധതി, ബോർഡ് ചർച്ച ചെയ്തു. പതിവായി നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന കാട്ടാനകളെ കൈകാര്യം ചെയ്യുന്നതിനും, നാട്ടാനകളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പദ്ധതി അത്യധികം ഗുണകരമായിരിക്കുമെന്ന് ബോർഡ് വിലയിരുത്തി. പദ്ധതിയുടെ നിർവ്വഹണച്ചുമതലയുള്ള വനം വകുപ്പുദ്യോഗസ്ഥർ ശ്രീലങ്കയിലെ പിന്നവാല എന്ന സ്ഥലത്തുള്ള ആനപുനരധിവാസ കേന്ദ്രമുൾപ്പെടെ ശ്രീലങ്ക, തായ്‌ലണ്ട് എന്നീ രാജ്യങ്ങളിലെ ഇത്തരം കേന്ദ്രങ്ങൾ സന്ദർശിച്ച് പഠനം നടത്തുന്നത് ഫലപ്രദമായിരിക്കുമെന്ന് ബോർഡു മെമ്പർ ശ്രീമതി. സുഗതകുമാരി ടീച്ചർ അഭിപ്രായപ്പെട്ടു.

ഈ വിഷയത്തിൽ ബോർഡ് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) **വനംവകുപ്പു തയ്യാറാക്കി ബോർഡിൽ അവതരിപ്പിച്ച വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിനടുത്ത് കാപ്പുകാട് ആനപുനരധിവാസ കേന്ദ്രം സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് സംസ്ഥാന വന്യജീവി ബോർഡ് അംഗീകാരം നൽകി.**

2) **മനുഷ്യനും കാട്ടാനയും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനും, നാട്ടാനകളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും ഈ പദ്ധതി വേഗത്തിൽ പൂർത്തീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോർഡ് വിലയിരുത്തി.**

3) **കാപ്പുകാട് 176 ഹെക്ടർ റിസർവ്വ് വനഭൂമിയിൽ ആനപുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനു തയ്യാറാക്കിയ പദ്ധതി വന്യജീവി**

നിയമ പ്രകാരം അനുമതിക്കുള്ള അപേക്ഷയോടൊപ്പം ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4) ശ്രീലങ്ക, തായ്ലാന്റ് എന്നീ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ലോക പ്രസിദ്ധങ്ങളായ ആനപുനരധിവാസ കേന്ദ്രങ്ങൾ സന്ദർശിച്ച് ആ കേന്ദ്രങ്ങളിലെ നല്ലമാതൃകകൾ പദ്ധതി നിർവ്വഹണത്തിൽ പ്രയോഗിക്കുവാനായി പദ്ധതിയുടെ ചുമതലയുള്ള വനംവകുപ്പു ദ്യോഗസ്ഥരെ നിയോഗിക്കുന്നതിനായി സംസ്ഥാന സർക്കാരിനോടു ശുപാർശ ചെയ്യുവാനും ബോർഡ് തീരുമാനിച്ചു.

## മറ്റു വിഷയങ്ങൾ

(1). സംസ്ഥാന ചിത്രശലഭത്തെ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്

മുൻ യോഗ തീരുമാന പ്രകാരം സംസ്ഥാന ചിത്രശലഭത്തിനെ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ യോഗത്തിൽ അവതരിപ്പിച്ചു. സുവോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ നാമനിർദ്ദേശ പ്രകാരം 4 ചിത്രശലഭങ്ങൾ പരിഗണനയ്ക്കായി അവതരിപ്പിച്ചു. ഇതിൽ ആകാരഭംഗി കൊണ്ടും, സംരക്ഷണ പ്രാധാന്യം അർഹിക്കുന്നതിനാലും 'ബുദ്ധ മയൂരി' അഥവാ Malabar Banded Peacock (*Papilio buddha*) എന്ന ചിത്രശലഭം പ്രത്യേക പരിഗണന അർഹിക്കുന്നു എന്ന് ബോർഡ് വിലയിരുത്തി.

*ആവശ്യമായ ചർച്ചകൾക്കുശേഷം കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ചിത്രശലഭമായി 'ബുദ്ധ മയൂരി' അഥവാ* **Malabar Banded Peacock (*Papilio buddha*)** *യെ നിർദ്ദേശിക്കുന്നതിനുള്ള ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ബോർഡ് തീരുമാനിച്ചു.*

(2). കടലുണ്ടി കമ്മ്യൂണിറ്റി റിസർവ്വിന്റെ സംരക്ഷണം സംബന്ധിച്ച്

WL5

DFO, KKD

കടലുണ്ടി കമ്മ്യൂണിറ്റി റിസർവ്വിൽ ടൂറിസം പ്രവർത്തനങ്ങൾക്കായി, രാത്രികാല താമസം, ഉൾപ്പെടെ, കണ്ടൽക്കാടുകൾ നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ബോർഡംഗം എൻ.യു. സദാനന്ദൻ അറിയിച്ചു. ഇക്കാര്യങ്ങൾ സംബന്ധമായി സമീപവാസികളുമായി ചർച്ച അനിവാര്യമാണെന്നും അംഗം കൂട്ടിച്ചേർത്തു.

***ബോർഡിൽ ഉന്നയിക്കപ്പെട്ട പ്രശ്നം പരിശോധിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ ബോർഡ് തീരുമാനിച്ചു.***

(3). സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗങ്ങൾ കൂടുന്നത് സംബന്ധിച്ച്

സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗങ്ങൾ യഥാസമയം കൂടുന്നില്ല എന്നും ആറു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടത് ആവശ്യമാണെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു.

WL1

***ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം ആറ് മാസത്തിലൊരിക്കൽ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗം കൂടുന്നതിന് തീരുമാനിച്ചു.***

യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ബഹു. വനം വകുപ്പ് മന്ത്രി നന്ദി പ്രകാശിപ്പിച്ചുകൊണ്ട് യോഗ നടപടികൾ 4.30 പി.എം. ന് അവസാനിച്ചു.

30... 24/2018/OS-F&WL

485

അനുബന്ധം

## സംസ്ഥാന വന്യജീവി ബോർഡ് യോഗം - 12.11.2018

### പങ്കെടുത്തുവർ

1. ശ്രീ.പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി, കേരളം
2. അഡ്വ.കെ.രാജു, ബഹു. വനം-മൃഗ സംരക്ഷണം-ക്ഷീരവികസനം & മൃഗശാല വകുപ്പ് മന്ത്രി
3. ശ്രീ.മുഹമ്മദ് മുഹസ്സിൻ.പി, ബഹു. എം.എൽ.എ, പട്ടാമ്പി
4. ശ്രീമതി. സുഗത കുമാരി, വരദ, നന്ദാവനം, തിരുവനന്തപുരം.
5. ശ്രീ.റ്റി.മണി, തേറ്റുപാടി ഹൗസ്, പുളിയറമല പി.ഒ, കൽപ്പറ്റ നോർത്ത്, വയനാട്
6. ശ്രീ. എൻ.യു. സദാനന്ദൻ, ശ്രുതിലയം, കെ പുരം പി.ഒ, മലപ്പുറം
7. ശ്രീ.കെ.ബിനു, ബിനു മന്ദിരം, തീർത്ഥപാദപുരം, കോട്ടയം
8. പ്രൊഫ. ശോഭീന്ദ്രൻ, കക്കോഡി, കോഴിക്കോട്
9. ശ്രീമതി. ഗീതാ നസീർ, വൃന്ദാവൻ ഹൗസിംഗ് കോളനി, പട്ടം, തിരുവനന്തപുരം.
10. ശ്രീ.റ്റി.കെ.വിനോദൻ, രവീന്ദ്ര മന്ദിരം, പേരിനാട് പി.ഒ, കൊല്ലം
11. ശ്രീ.സൈനുദീൻ പട്ടാഴി, എസ്.എസ് കോട്ടേജ്, ഞാറയ്ക്കൽ, പേരിനാട്, കൊല്ലം
12. ശ്രീ.വേണു, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
13. ശ്രീ.ശശിധരൻ നായർ, ഐ.എ.എസ്, മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.സി., തിരുവനന്തപുരം.
14. ശ്രീ. വെങ്കിടേശപതി, ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം.
15. ഡോ.എസ്. സുനിൽ കുമാർ, അഡിഷണൽ ഡയറക്ടർ, പ്ളാനിംഗ് (ആനിമൽ ഹസ്ബൻട്രി വകുപ്പ്)
16. സയന്റിസ്റ്റ് ഇൻ ചാർജ്ജ്, ബൊട്ടാണിക്കൽ സർവ്വെ ഓഫ് ഇന്ത്യ, കോയമ്പത്തൂർ.
17. ഡോ.ജാഫർ പാലോട്ട്, ഓഫീസർ ഇൻ ചാർജ്ജ്, വെസ്റ്റേൺ ഗാട്ട്സ് ഫീൽഡ്, ഇസഡ്.എസ്.ഐ., കോഴിക്കോട്
18. ശ്രീ.കെ.ജെ. വറുഗ്ഗീസ്, സ്പെഷ്യൽ ഓഫീസർ, എലിഫന്റ് റീഹാബിലിറ്റേഷൻ സെന്റർ
19. ശ്രീ.പി.കെ.കേശവൻ, ഐ.എഫ്.എസ്, മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ്ലൈഫ്